ഉത്തരം

(എ-സി) ലോക ടൂറിസത്തിന്റേതായ ഒരു വെബ്സൈറ്റ് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ ജില്ലകളിലേയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ സംബന്ധിച്ച വിവരം ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralatourism.org.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരികൾക്കുള്ള സുരക്ഷാ നടപടികൾ

96(304) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളിലാണ് ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേരുന്നത്, ഇവിടെ ഇവർക്ക് എന്തെല്ലാം സുരക്ഷാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്ത് എത്ര വിദേശ ടൂറിസ്റ്റുകൾ എത്തിച്ചേർന്നു ; ഇത് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോ എന്നു വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവ് എത്ര ശതമാനമാണെന്നു വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് ഈ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശവിനോദ സഞ്ചാരികൾ എത്തുന്നത് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം,കോട്ടയം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങലിലാണ്. കോവളം, വർക്കല, തിരുവനന്തപുരം സിറ്റി, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, വയനാട്, ഫോർട്ട്കൊച്ചി എന്നിവിടങ്ങളാണ് ഏറ്റവും കൂടുതൽ വിദേശവിനോദ സഞ്ചാരികൾ എത്തുന്ന കേന്ദ്രങ്ങൾ .

വിദേശ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാം തന്നെ ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 155 പോലീസുകാർ ഈ മേഖലയിൽ സേവനം അനുഷ്ടിക്കുന്നു. കൂടാതെ അടിയന്തരഘട്ടങ്ങളിൽ ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാണ്. എല്ലാ പ്രധാന ബീച്ചുകളിലും, ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150-ഓളം ലൈഫ് ഗാർഡുകൾ ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്ത് എത്തിച്ചേർന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം സംബന്ധിച്ച സ്ഥിതി വിവരകണക്കുകളുടെ ശേഖരവും, ക്രോഡീകരണവും പൂർത്തികരിച്ചിട്ടില്ല. എന്നിരുന്നാലും ലഭ്യമായ കണക്കുകളിൽനിന്നും, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ കണക്കുകൾ ശേഖരിച്ചു ക്രോഡീകരിച്ചു ലഭ്യമാക്കുന്നതാണ്.

(ഡി) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ണർഷിപ് മീറ്റുകൾ സംഘടിപ്പിച്ചു. സ്കാൻഡിനവിയൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട നാലു നഗരങ്ങളിലും ഇംഗ്ലണ്ടിലെ നാലു നഗരങ്ങളിലും റോഡ്ഷോകളും സംഘടിപ്പിച്ചു. ഈ വർഷം ഇതിനകം ജനീവ, വിയന്ന എന്നീ നഗരങ്ങളിൽ പാർട്ട്ണർഷിപ് മീറ്റുകൾ സംഘടിപ്പിച്ചു. ജർമ്മനിയിലും, അയർലണ്ടിലും, ലണ്ടനിലും റോഡ് ഷോകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്തി വരുന്നു. ലണ്ടനിൽ നടന്ന WTM ലണ്ടൻ ഫയറിൽ ടൂറിസം വകുപ്പ് പങ്കെടുത്തു. FITVR- സ്പെയിൻ, ITB-ബർലിൻ TVR ഗോതൻബർഗ് എന്നീ ഫെയറുകളിലും പങ്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പരസ്യപ്രചാരണത്തിന്റെ ഭാഗമായി അന്തർദ്ദേശീയ തലത്തിൽ പ്രചാരത്തിലുള്ള മികച്ച ടൂറിസം മാഗസീനുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും പ്രചാരണങ്ങൾ നടത്തുന്നുണ്ട്.

അന്താരാഷ്ട്ര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇംഗ്ലണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു വരുന്നു.

ഗൾഫ് മേഖലകളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ലക്ഷ്യമാക്കി ഈ വർഷം കേരളാ ടൂറിസം കേരള ട്രാവൽമാർട്ട് സൊസൈറ്റി വഴി കുവൈറ്റ്, ബഹറിൻ, ഖത്തർ, ഒമാൻ എന്നീ രാജ്യങ്ങളിൽ റോഡ്ഷോകൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ എല്ലാ വർഷവും ദുബായിൽവച്ചു നടക്കുന്ന ATM ദുബായ് ഫെയറിൽ കേരളാ ടൂറിസം സജീവമായി പങ്കെടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ബ്രോഷറുകളും, ടൂറിസ്റ്റ് ഗൈഡുകളും, വകുപ്പ് തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. കേരളത്തിന്റെ സമഗ്രമായ ഗൈഡായ കേരളാ കംബാനിയൻ, സ്മാർട്ടു ഗൈഡുകൾ, ബ്രോഷറുകൾ, മാപ്പുകൾ, NORTH KERALA, CENTRAL KERLA, SOUTH KERALA ഗൈഡുകൾ എന്നിവയും കൂടാതെ കേരളത്തിലെ കലകളെ കുറിച്ചും ഉത്സവങ്ങളെ കുറിച്ചുമുള്ള സി.ഡി.-കളും പുറത്തിറക്കിയിട്ടുണ്ട്. ഇവ ഇൻഡ്യാ ടൂറിസത്തിന്റെയും, ഇൻഫെർമേഷൻ സെന്റുകളിലൂടെയും ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലുള്ള ഇൻഡ്യ ടൂറിസത്തിന്റെ ഓഫീസുകൾ വഴിയും നൽകിവരുന്നു.

ടൂറിസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

97(305) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ വളർച്ചയ്ക്ക് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇത്തരം സൊസൈറ്റികൾക്ക് സർക്കാർ എന്തെല്ലാം പ്രോത്സാഹനവും സഹായവുമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ :

(സി) ഡി.ടി.പി.സി.-കൾ വഴി സൊസൈറ്റികൾക്ക് കൂടുതൽ സഹകരണവും സഹായവും നൽകുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ ;

(ഡി) ഇത്തരം സംഘങ്ങളുടെ സഹകരണത്തോടെ ടൂറിസംരംഗത്ത് കൂടുതൽ തൊഴിലവസരവും ജനകീയ ടൂറിസം സംസ്കാരവും വളർത്തിയെടുക്കുവാൻ പ്രത്യേക പാക്കേജുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടൂറിസം വികസനത്തിന്റെ വളർച്ചയ്ക്ക് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും പങ്ക് വഹിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ബി) നിലവിൽ ടൂറിസം വകുപ്പുവഴി സൊസൈറ്റികൾക്ക് മാത്രമായി പ്രത്യേക സഹായമൊന്നും നൽകുന്നില്ല.

(സി) സഹകരിക്കുന്നതാണ്.

(ഡി) പ്രത്യേക പാക്കേജുകൾ നടപ്പാക്കുന്നത് പ്രായോഗികമാണെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly